ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പൊതുഭരണ വകുപ്പിന്റെ 15.7.'97 ലെ സർക്കുലർ നമ്പർ :44942/എം. 3/97/പൊ.ഭ.വ. പ്രകാരം പുകവലി നിരോധിച്ചു കൊണ്ടുള്ള സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണെന്നും ഈ നിർദ്ദേശം പാലിക്കാത്തവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉത്തരവ് നൽകിയിട്ടുണ്ട്. പൊതുഭരണവകുപ്പിന്റെ 11.6.'98-ലെ സർക്കുലർ നമ്പർ 34560/എം. 3/98/പൊ.ഭ.വ പ്രകാരം പുകവലി നിരോധനത്തിന് സർക്കാർ തലത്തിൽ ഉള്ളതു പോലെ നടപടികൾ സ്വീകരിക്കുവാൻ പൊതുമേഖലാസ്ഥാപനമേധാവികൾക്കും ഫാക്ടറി ഉടമകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

20 (*170) പ്രവാസി സുരക്ഷാസെൽ

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ ക്ഷേമകാര്യങ്ങൾക്ക് വേണ്ടിയുള്ള വകുപ്പു പ്രവാസികൾക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ ചെയ്തിട്ടുള്ളത്;

(ബി) ഇനി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 1996 നവംബറിൽ യു.എ.ഇ. യിൽ അനധികൃത കുടിയേറ്റക്കാർക്ക് പൊതുമാപ്പ് പ്രഖ്യാപിച്ചതിനെത്തുടർന്ന് കേരളീയരെ നാട്ടിലെത്തിക്കാനായി വകുപ്പിന്റെ ശ്രമഫലമായി കൂടുതൽ കപ്പൽ-വിമാന സർവ്വീസുകൾ ഏർപ്പെടുത്തി. കൂടാതെ ഇവർക്ക് നിയമാനുസൃതം തിരിച്ചുപോകാനായി യാത്രാരേഖകൾ തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ മൂന്ന് പാസ്പോർട്ട് ഓഫീസുകളിലും സ്പെഷ്യൽ കൗണ്ടറുകൾ തുറക്കുന്നതിനും എയർഇന്ത്യ വഴി സൗജന്യ നിരക്കിൽ യു.എ.ഇ.യിലേക്ക് കൊണ്ടുപോകുന്നതിനും ഏർപ്പാടു ചെയ്തു.

സൗദി അറേബ്യയിൽ നിന്ന് 1997 നവംബറിൽ പൊതുമാപ്പിൽ തിരിച്ചെത്തിയ കേരളീയർക്ക് മുംബൈയ് വിമാനത്താവളം, തുറമുഖം, റയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ സഹായം എത്തിച്ചതിന് പുറമേ മുംബൈയിൽ നിന്ന് കേരളത്തിലേക്ക് ഒരു സ്പെഷ്യൽ ട്രെയിൻ സർക്കാർ ചെലവിൽ ഏർപ്പെടുത്തി. മുംബൈയിൽ ഇവരുടെ താമസം, ഭക്ഷണം എന്നിവയ്ക്കും നാട്ടിലേക്കുള്ള യാത്രയ്ക്കും 'നോർക്ക' ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആറംഗ ഉദ്യോഗസ്ഥ സംഘം മുംബൈയിൽ ക്യാംപ് ചെയ്ത് മേൽനോട്ടം വഹിച്ചു.

റിയാദിലെ ഇന്ത്യൻ എംബസിയുമായി അപ്പപ്പോൾ ബന്ധപ്പെട്ട് കൂടുതൽ വിമാന സർവ്വീസുകളും മുംബൈയ് വരെ ഒരു സൗജന്യ കപ്പൽ സർവ്വീസും ഇവർക്കായി ഏർപ്പെടുത്തുകയുണ്ടായി. അയ്യായിരത്തിൽപ്പരം കേരളീയർക്ക് നേരിട്ട് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുവൈറ്റ് എംബസിയിൽ അഭയം തേടിയ 182 നഴ്സിംഗ് അസിസ്റ്റന്റുമാർ, മലേഷ്യയിൽ കുടുങ്ങിയ മലയാളികൾ, കൊറിയൻ മത്സ്യബന്ധന കപ്പലുകളിൽപ്പെട്ടുപോയ കേരളീയർ, ഇറാക്ക് ജയിലിലായ മീൻപിടുത്തക്കാരായ രണ്ട് മലയാളികൾ എന്നിവരെ നാട്ടിലെത്തിക്കുന്നതിനും ബന്ധപ്പെട്ട എംബസികൾ വഴി ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ട്.

വാഗ്ദാനം ചെയ്യപ്പെട്ട തൊഴിൽ, ശംബളം, താമസസൗകര്യം എന്നിവ ലഭിക്കാതെ വലയുന്ന കേരളീയർ, സ്പോൺസർമാർ കൈയൊഴിയുന്ന വീട്ടുജോലിക്കാരായ കേരളീയ വനിതകൾ എന്നിവരുടെ സുരക്ഷ, മടക്കയാത്ര എന്നീ കാര്യങ്ങളിൽ ബന്ധപ്പെട്ട ഇന്ത്യൻ എംബസികളുമായും കോൺസുലേറ്റുകളുമായും സമ്പർക്കം പുലർത്തിവരുന്നു.

വിദേശത്ത് മരണമടയുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും അവിടെ കാണാതാവുന്നരെ കണ്ടെത്തുന്നതിനും നഷ്ടപരിഹാരവും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിനും'നോർക്ക'സഹായിക്കുന്നുണ്ട്.

'നോർക്ക' ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പാക്കിയ അപകട ഇൻഷ്വറൻസ് പദ്ധതിയായ പ്രവാസി സുരക്ഷാ പദ്ധതിയിൽ 60000-ൽപ്പരം പ്രവാസി ഇന്ത്യാക്കാർ അംഗത്വമെടുത്തു കഴിഞ്ഞു. ഈ പദ്ധതി പ്രകാരം ഇതുവരെ ഒരു കോടിയോളം രൂപ ഇൻഷ്വറൻസ് തുകയായി വിതരണം ചെയ്തിട്ടുണ്ട്. ആശുപത്രി ചെലവുകൾ നേരിടുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള'കുടുംബ ആരോഗ്യ' പദ്ധതിയിൽ 1600 പേർ അംഗത്വം സ്വീകരിച്ചിട്ടുണ്ട്.

അനധികൃത റിക്രൂട്ട്മെന്റ് തടയാൻ ഊർജ്ജിത പ്രചാരണം നടത്തി. പ്രവാസി മലയാളികൾക്കുവേണ്ടി ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചുനടപ്പാക്കുന്നതിനായി 'നോർക്ക'യുടെ കീഴിൽ 'നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി' എന്ന പേരിൽ സ്വയംഭരണാധികാരമുള്ള ഒരു സൊസൈറ്റിക്ക് രൂപം നൽകി. കോഴിക്കോട്, ചാവക്കാട്, വർക്കല, തിരുവല്ല, പയ്യന്നൂർ എന്നിവിടങ്ങളിൽ റീ-ഇന്റഗ്രേഷൻ ട്രെയിനിംഗ് നടത്തി. ഇതിനു തുടർച്ചയായി നാലു ജില്ലകളിൽ പ്രവാസി സംഘങ്ങൾ എന്ന സൊസൈറ്റികൾ രൂപീകൃതമായി.

ഇന്ത്യക്കകത്ത് മറ്റ് സംസ്ഥാനങ്ങളിൽ കാണാതാകുന്ന കേരളീയരെ കണ്ടു പിടിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ അതത് സർക്കാരുകളുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യുന്നതിനും'നോർക്ക' ശ്രമിച്ചുവരുന്നു.

നോർക്കയിൽ ഒരു 'ഫോറിൻ ഇൻവെസ്റ്റ്മെന്റ് സെല്ലും' രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

(ബി) നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി വഴി ഒരു പെൻഷൻ ഫണ്ട്, പ്രീ ഡിപ്പാർച്ചർ ട്രെയിനിംഗ്, റീ ഇന്റഗ്രേഷൻ ട്രെയിനിംഗ്, ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട്, കേരളത്തിലെ വിമാനത്താവളങ്ങൾക്ക് സമീപം താൽക്കാലിക വിശ്രമ കേന്ദ്രങ്ങൾ എന്നിവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിന് പുറത്തും വിദേശത്തും ഉള്ള കേരളീയ നഴ്സുമാർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന കാര്യവും പരിഗണനയിലാണ്.

21 (*171) പുതുതായി നൽകിയ മണ്ണെണ്ണ പെർമിറ്റ്

<u>ശ്രീ. സത്യൻ മൊകേരി</u> :

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> :

LIBRARY ARCHIVES Kerala Legislative Assembly